പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1725 — 16-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മദ്യ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടി

ചോദ്യം:
ശ്രീ. ബി. സത്യൻ :

ഉത്തരം:
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) മദ്യ ഉപയോഗം കുറയ്ക്കുകയെന്നത് സർക്കാരിന്റെ നയമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ)-യും (ബി)യും

മദ്യത്തിൽ നിന്നുള്ള വരുമാനം ഒരു മുഖ്യ വരുമാനസ്രോതസ്സായി കാണാതെ, ബോധവൽക്കരണത്തിലൂന്നിയുള്ള ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ നയം. മദ്യ ഉപഭോഗം കുറയ്ക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും മദ്യത്തിന്റെ വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ പുതുതായി എഫ്.എൽ.1 ഷാപ്പുകൾ അനുവദിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം വെട്ടിക്കുറയ്ക്കുകയും, മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനു മുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 വയസ്സായി നിജപ്പെടുത്തി യിട്ടുമുണ്ട്.

(സി) ബിവറേജസ് കോർപ്പറേഷൻ മദ്യ ഉപയോഗം കുറയ്ക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

(സി) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ പുതിയ ചില്ലറവിൽപ്പനശാലകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. അതോടൊപ്പം എക്സൈസ് വകുപ്പ് നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം സർക്കാർ നിർദ്ദേശപ്രകാരം അനുവദിച്ചു നൽകുന്നുണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി 2013-14 സാമ്പത്തിക വർഷം 3.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ